REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 15-07-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **രാജ്യത്തിന്റെ ഏറ്റവും വലിയ കരുത്ത് യുവശക്തിയാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.**
- **വിഴിഞ്ഞം ഓഹരി കൈമാറ്റ വിഷയത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുമെന്ന്**
- **മുഖ്യമന്ത്രി VD സതീശൻ.**
- **പാരിസ്ഥിതിക പഠനം നടത്താതെ അതിവേഗ റെയിലിന് ഭൂമി ഏറ്റെടുക്കില്ലെന്നും മുഖ്യമന്ത്രി.**
- **കർക്കടകമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ വൈകിട്ട് അഞ്ചിന് തുറക്കും.**
- **ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം സെമിയിൽ, ഇന്ന് രാത്രി 12.30ന് അർജന്റീന ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

രാജ്യത്തിന്റെ ഏറ്റവും വലിയ കരുത്ത് യുവശക്തിയാണെന്ന്, ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. ലോക യുവജന നൈപുണ്യ ദിനത്തോടനുബന്ധിച്ച് സാമൂഹിക മാധ്യമത്തിൽ പങ്കുവെച്ച സന്ദേശത്തിലാണ് ബിർള ഇക്കാര്യം പറഞ്ഞത്. യുവാക്കളുടെ ഊർജ്ജം, കഴിവ്, നവീകരണം എന്നിവയാണ് വികസിത് ഭാരത് ദർശനം സാക്ഷാത്ക്കരിക്കുന്നതിന്റെ ഏറ്റവും ശക്തമായ അടിത്തറയെന്ന്, ഓം ബിർള അറിയിച്ചു. സ്വയം പര്യാപ്തതയ്ക്ക് കഴിവുകളും, സാങ്കേതികവിദ്യയും അനിവാര്യമാണെന്നും, ഇന്ത്യയ്ക്ക് ലോകത്തിലെ ഏറ്റവും കഴിവേറിയ രാജ്യമായി ഉയർന്നുവരാൻ യുവത പര്യാപ്തമാകുമെന്നും ഓം ബിർള വ്യക്തമാക്കി.

✪✪✪

ഊർജ്ജ സഹകരണവും അതിർത്തി കടന്ന് വൈദ്യുതി വ്യാപാരവും ശക്തമാക്കാൻ ഇന്ത്യയും നേപ്പാളും ചർച്ച നടത്തി. നേപ്പാൾ ഊർജ്ജ, ജലവിഭവ മന്ത്രി ബിരാജ് ഭക്ത ശ്രേഷ്ഠ, കേന്ദ്ര ഊർജ സെക്രട്ടറി പങ്കജ് അഗർവാൾ, അഡീഷണൽ വിദേശകാര്യ സെക്രട്ടറി മുനു മഹാവർ എന്നിവരുമായി കാഠ്മണ്ഡുവിലായിരുന്നു കൂടിക്കാഴ്ച.

പരസ്പര സമൃദ്ധിക്കും സുസ്ഥിര ഊർജ്ജ വികസനത്തിനും ഉഭയകക്ഷി സഹകരണം കൂടുതൽ ആഴത്തിലാക്കാൻ പ്രതിബദ്ധത, ഇരുപക്ഷവും ചർച്ചകളിൽ ആവർത്തിച്ചു.

✪✪✪

സ്കിൽ ഇന്ത്യ മിഷന്റെ പതിനൊന്നാം വാർഷികം ഇന്ന് ആചരിക്കുന്നു. യുവാക്കൾക്ക് വ്യവസായ മേഖലയ്ക്ക് അനുയോജ്യമായ കഴിവുകൾ പകർന്നുനൽകി, തൊഴിൽ, സംരംഭകത്വം, സുസ്ഥിര ഉപജീവനമാർഗ്ഗം എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, 2015-ലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പദ്ധതിക്ക് തുടക്കം കുറിച്ചത്.

സ്കിൽ ഡെവലപ്മെന്റ് ആൻഡ് ഒൻട്രപ്രണർഷിപ്പ് മന്ത്രാലയം, വിവിധ പദ്ധതികളിലൂടെ രാജ്യത്ത് ആറ് കോടിയിലധികം യുവാക്കളെ ഇതിനകം ശാക്തീകരിച്ചു.

സ്കിൽ ഇന്ത്യ മിഷന് കീഴിൽ ഓരോ വർഷവും ഒരു കോടിയിലധികം യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകി വരുന്നുണ്ട്.

✪✪✪

വിഴിഞ്ഞം ഓഹരി കൈമാറ്റ വിഷയത്തിൽ, സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുമെന്ന് മുഖ്യമന്ത്രി VD സതീശൻ തിരുവനന്തപുരത്ത് പറഞ്ഞു. ഓഹരി കൈമാറ്റം എംപവേർഡ് കമ്മിറ്റി പരിശോധിക്കുകയാണെന്നും, വിഴിഞ്ഞത്തെ സുരക്ഷാ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ മേൽനോട്ടത്തിലാണെന്നും മുഖ്യമന്ത്രി മന്ത്രിസഭായോഗത്തിന് ശേഷം മാധ്യമങ്ങളോട് പറഞ്ഞു.

പൊതുഭരണ വകുപ്പിന് കീഴിൽ വകുപ്പുകളുടെ ഏകോപനത്തിന് പുതിയ സംവിധാനം തുടങ്ങുമെന്നും ഓരോ ഫയലുകളുടെയും അവസ്ഥ അറിയാൻ കഴിയുമെന്നും പദ്ധതികളുടെ മേൽനോട്ടം സാധ്യമാക്കുമെന്നും VD സതീശൻ അറിയിച്ചു.

സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ കൃത്യമായ മാപ്പിങ് നടത്തി, പദ്ധതി, പ്രോട്ടോകോളിലൂടെ സമയബന്ധിതമായി പൂർത്തിയാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചതായും മുഖ്യമന്ത്രി വ്യക്തമാക്കി.

2027 ലെ പത്മ പുരസ്കാരത്തിന് നാമനിർദേശം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

അതിവേഗ റെയിലുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച ശേഷം നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. പാരിസ്ഥിതിക പഠനം നടത്താതെ പ്രഖ്യാപിച്ച അതിവേഗ റെയിലിന് ഭൂമി ഏറ്റെടുക്കില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

പി എം ശ്രീയുമായി ബന്ധപ്പെട്ട മന്ത്രിതല സമിതി റിപ്പോർട്ട്, അടുത്ത മന്ത്രിസഭാ യോഗത്തിൽ വരുമെന്നും അറിയിച്ചു.

ADGP എം. ആർ. അജിത് കുമാറിനെതിരായ നടപടിയിൽ, SIT റിപ്പോർട്ട് സംസ്ഥാന പൊലീസ് മേധാവിയുടെ പരിഗണയിലാണെന്നും DGP റിപ്പോർട്ട് പരിശോധിച്ച് ശിപാർശ നൽകിയാൽ നടപടി ഉണ്ടാകുമെന്നും മുഖ്യമന്ത്രി മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി.

പൊലീസ് വാഹനമിടിച്ചു മരിച്ച സ്കൂൾ വിദ്യാർത്ഥി ജിനു രാജിന്റെ കുടുംബത്തിന്, ധന സഹായം അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചതായും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

ലഹരി മാഫിയയുടെ വേരറുക്കാൻ സംസ്ഥാന ആഭ്യന്തര വകുപ്പ് ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ- ദി നാർക്കോ ഹണ്ടി'ന് പിന്തുണ തേടി മന്ത്രി രമേശ് ചെന്നിത്തലയും തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ്-യും തമ്മിൽ കൂടിക്കാഴ്ച ചെന്നൈയിൽ ആരംഭിച്ചു

ലഹരിക്കെതിരായ നീക്കങ്ങളിൽ തമിഴ്നാട് ഗവൺമെന്റിന്റെ പൂർണ്ണ പിന്തുണ ഉറപ്പുവരുത്തുകയാണ് കൂടിക്കാഴ്ചയുടെ ലക്ഷ്യം.

✪✪✪

ദേശീയ പാത വികസനത്തിന്റെ ഭാഗമായ കൊല്ലം, കല്ലുംതാഴം ഫ്ലൈ ഓവറിന്റെ നിർമ്മാണ പുരോഗതി മന്ത്രി ഷിബു ബേബി ജോൺ സ്ഥലം സന്ദർശിച്ച് വിലയിരുത്തി. ഫ്ലൈ ഓവറും സമീപം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെയിൽവെ മേൽപ്പാലവും യാഥാർത്ഥ്യമാകുന്നതോടെ മേഖലയിലെ ഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണാൻ സാധിക്കുമെന്ന് ഷിബു ബേബി ജോൺ ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് റജിസ്ട്രേഷൻ തീയതി ഈ മാസം 31 വരെ നീട്ടിയതായി കേന്ദ്ര ഗവൺമെന്റ്. റജിസ്ട്രേഷൻ ഇന്ന് അവസാനിക്കാനിരിക്കെയാണ് ഇന്നലെ വൈകിട്ടോടെ തീയതി നീട്ടിയത്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്

........വോയ്സ്.......

കർഷകരുടെ ആവശ്യപ്രകാരമാണ് തിയതി നീട്ടി നൽകിയിരിക്കുന്നത്. പോർട്ടൽ 6ന് തുറന്നെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ മൂ ലം റജിസ്ട്രേഷൻ 9നാണ് ആരംഭിച്ചത്.ഇതിനിടെ രണ്ട് അവധി ദിവസങ്ങൾ കൂടി വന്നതോടെ ഒട്ടേറെ കർഷക ക്കു പദ്ധതിയിൽ ചേരാൻ സാധിക്കാത്ത സ്ഥിതിയാണ് ഉണ്ടായിരുന്നത്.തിയതി നീട്ടിയതോടെ കൂടുതൽ കർഷകർക്കു പദ്ധതിയിൽ ചേരാൻ അവസരം ലഭിക്കും.

ഖാരിഫ് സീസണിൽ സം സ്ഥാനത്ത് ശരാശരി 90,000 കർഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുക.നെല്ല് പച്ചക്കറി തുടങ്ങി 27 വിളകൾക്കാണ് പദ്ധതിയിൽ ഇൻഷുറൻസ് പരിരക്ഷ നൽകുന്നത്.

✪✪✪

പാലക്കാട് നെന്മാറ ഇരട്ടക്കൊലക്കേസിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ പ്രതി ചെന്താമരയുടെ ശിക്ഷ ഇന്ന് വിധിച്ചേക്കും. പാലക്കാട് നാലാം അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പറയുന്നത്. പോത്തുണ്ടി ബോയൻ കോളനിയിലെ സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെ കൊലപ്പെടുത്തിയ കേസിൽ അയൽവാസിയായ ചെന്താമരാക്ഷൻ കുറ്റക്കാരനാണെന്ന്, കോടതി കഴിഞ്ഞ ദിവസം കണ്ടെത്തിയിരുന്നു. 2025 ജനുവരി 27-നായിരുന്നു നാടിനെ നടുക്കിയ ഇരട്ടക്കൊലപാതകം.

✪✪✪

<u>ഇപ്പോൾ കിട്ടിയത്....</u>

പാലക്കാട് നെന്മാറ ഇരട്ടക്കൊലക്കേസിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ പ്രതി ചെന്താമരയുടെ ശിക്ഷ  വിധിക്കുന്നത് നാളെത്തേക്ക് മാറ്റി.

✪✪✪

വിയറ്റ്നാമിൽ ബോട്ട് അപകടത്തിൽ മരിച്ച കൊട്ടാരക്കര സ്വദേശികളായ A.C തോമസിന്റെയും, ഭാര്യ ലോവേനി തോമസിന്റെയും  സംസ്കാരം ഇന്ന് വൈകിട്ട് കൊട്ടാരക്കര മാർത്തോമ്മ പള്ളിയിൽ നടത്തും.

ഈ മാസം ഏഴിനാണ് എ.സി. തോമസും, ലോവേനിയും 32 അംഗ സംഘത്തോടൊപ്പം വിയറ്റ്നാമിലേക്ക് വിനോദയാത്ര പോയത്. ഫു ക്വോക് ദ്വീപിന് സമീപം, വിനോദസഞ്ചാര ബോട്ട് മറിഞ്ഞ് ഇവരുൾപ്പെടെ 15 പേരാണ് മരിച്ചത്.

✪✪✪

വയനാട് കള്ളാടി മണ്ണിടിച്ചിൽ ദുരന്ത പ്രദേശത്ത്, വിദഗ്ധ സമിതിയുടെ പരിശോധന തുടങ്ങി. കാലിക്കറ്റ് NITയിലെ പ്രൊഫസർ ഡോ. സന്തോഷ് G തമ്പി, NCESS പ്രതിനിധി ശ്രീലേഷ് എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന.

✪✪✪

മന്ത്രിസ്ഥാനം വാഗ്ദാനം നൽകി, വ്യാജ ഫോൺ കോൾ വന്ന സംഭവത്തിൽ എലത്തൂർ MLA വിദ്യ ബാലകൃഷ്ണൻ പൊലീസിൽ പരാതി നൽകി. ഏതാനും ദിവസം മുമ്പാണ് വ്യാജ ഫോൺ കോൾ ലഭിച്ചത്.

✪✪✪

കർക്കടകമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ വൈകിട്ട് അഞ്ചിന് തുറക്കും. നാളെ പൂജകൾ ഉണ്ടാകില്ല. കർക്കിടകം ഒന്നായ മറ്റന്നാൾ മുതൽ നട അടയ്ക്കുന്ന ഈ മാസം 21 വരെ പൂജകൾ ഉണ്ടാകും.

തിരക്ക് ഒഴിവാക്കാൻ, വെർച്വൽ ക്യൂ മുൻ കൂട്ടി ബുക്കു ചെയ്ത് ഭക്തർ ദർശനത്തിന് എത്തണം. വിവിധ ഡിപ്പോകളിൽ നിന്ന് KSRTC ബസ് സർവീസ് നടത്തും.

✪✪✪

ഗ്രാമ പൈതൃകത്തിന്റെയും കാർഷിക സമൃദ്ധിയുടെയും ഓർമ പുതുക്കി കോട്ടയത്ത് സംക്രമ വാണിഭ മേളക്ക് നാളെ തുടക്കമാകും. ഇതോടനുബന്ധിച്ച് സംക്രാന്തി വിളക്കമ്പലത്തിൽ കർക്കിടക സംക്രമ ഉത്സവവും നാളെയാണ്. ചരിത്രപ്രസിദ്ധമായ പാക്കിൽ സംക്രമ വാണിഭം ജൂലൈ 17- നാരംഭിക്കും.

കോട്ടയത്ത് നിന്ന് ദേവിക എസ് നായർ...

........വോയ്സ്......

നഗരസഭയുടെ നേതൃത്വത്തിൽ സംക്രാന്തിയിൽ നടക്കുന്ന മേളയിൽ നാളെ ഉച്ചയ്ക്ക് കച്ചവടം ആരംഭിക്കും. ഉച്ചകഴിഞ്ഞ് 3 മണിക്ക് സംക്രാന്തി എ കെ ടി എ ഭവനിൽ കൃഷിഭവനുമായി ചേർന്ന് സംഘടിപ്പിക്കുന്ന ഏകദിന കൺവെൻഷൻ മന്ത്രി മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്യും. വൈകുന്നേരം അഞ്ചുമണിക്ക് സംക്രാന്തി സംക്രമ വാണിഭ സമ്മേളനത്തിന്റെ ഉദ്ഘാടനം

നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിക്കും. സംക്രാന്തിയിൽ ഒരു ദിവസം മാത്രമാണ് മേള. അതേസമയം പാക്കിൽ ധർമശാസ്താ ക്ഷേത്രത്തിന് എതിർവശത്തുള്ള പടനിലം മൈതാനത്ത് വെള്ളിയാഴ്ച മുതൽ ഒരുമാസത്തേക്ക് പാക്കിൽ വാണിഭം നടക്കും. കാർഷിക പണിയായുധങ്ങൾ, മൺചട്ടികൾ, ഇരുമ്പ് സാധനങ്ങൾ തുടങ്ങിയവയുമായി കച്ചവടക്കാരെത്തും.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ, ഇന്ന് രാത്രി 12.30ന് അറ്റ്ലാന്റ സ്റ്റേഡിയത്തിൽ, രണ്ടാം സെമിയിൽ അർജന്റീന ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും.

ഇന്നലെ രാത്രി ഒന്നാം സെമിയിൽ ഫ്രാൻസിനെതിരെ ആധികാരിക ജയത്തോടെ സ്പെയിൻ ഫൈനലിലെത്തി. ടെക്സസിലെ ഡാളസ് സ്റ്റേഡിയത്തിൽ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് സ്പെയിൻ ഫ്രാൻസിനെ പരാജയപ്പെടുത്തിയത്.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് മൂന്ന് മത്സര ഏകദിന പുരുഷ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ. കാർഡിഫിലെ സോഫിയാ ഗാർഡൻസിൽ ഇന്ത്യൻസമയം വൈകിട്ട് അഞ്ചരയ്ക്കാണ് മത്സരം.

✪✪✪

കേരളത്തിന്റെ പരമ്പരാഗത കലാരൂപമായ നോക്കുവിദ്യാ പാവകളിയെ ലോകശ്രദ്ധയിലേക്ക് നയിച്ച പ്രശസ്ത കലാകാരി മോനിപ്പള്ളി പങ്കജാക്ഷി കോട്ടയത്ത് അന്തരിച്ചു. 90 വയസായിരുന്നു. വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലിരിക്കെയാണ് അന്ത്യം. 2020-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്.

നോക്കുവിദ്യാ പാവകളി എന്ന അപൂർവ കലാരൂപത്തെ ജീവനോടെ നിലനിർത്തിയ അവസാനത്തെ കണ്ണികളിൽ പ്രമുഖയായിരുന്നു അവർ.

സംസ്കാരം പിന്നീട് നടത്തും.

✪✪✪

കണ്ണൂർ കുടിയാന്മല പൂപ്പറമ്പിൽ അതിഥി തൊഴിലാളിയെ മരിച്ച നിലയിൽ കണ്ടെത്തി. അസം സ്വദേശിയായ ഫിലിപ്പാണ് മരിച്ചത്. സംഭവുമായി ബന്ധപ്പെട്ട് സഹോദരി ഭർത്താവിനെ പൊലീസ് കസ്റ്റഡിയിൽ എടുത്തു.

✪✪✪

പൊതുവിഭാഗം റേഷൻകാർഡുകൾ, മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റാൻ ഓൺലൈൻ അപേക്ഷ, മറ്റന്നാൾ വരെ സ്വീകരിക്കും. അക്ഷയകേന്ദ്രം, സിവിൽ സപ്ലൈസ് വകുപ്പ് വെബ്സൈറ്റിലെ സിറ്റിസൺ ലോഗിൻ എന്നിവ മുഖേനയാണ് അപേക്ഷിക്കേണ്ടത്.

✪✪✪

കോഴിക്കോട് ജില്ലയിൽ പൊതുജനങ്ങൾക്ക് ഭീഷണിയായ ബോർഡുകളും, ബാനറുകളും, കമാനങ്ങളും ഉടൻ നീക്കം ചെയ്യണമെന്ന് തദ്ദേശ ഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ നിർദേശം നൽകി. ഫ്ലക്സ് ഉൾപ്പെടെ നിരോധിത വസ്തുക്കൾ ഉപയോഗിച്ചും, അനുമതിയില്ലാതെയും ബോർഡുകൾ സ്ഥാപിച്ചവർക്കെതിരെ പൊലീസ് സഹായത്തോടെ നിയമനടപടി സ്വീകരിക്കുമെന്ന് അസി. ഡയറക്ടർ അറിയിച്ചു. ലോകകപ്പ് ഫുട്ബോളുമായി ബന്ധപ്പെട്ട് പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ച ബോർഡുകളും ഹോർഡിങ്ങുകളും സ്ഥാപിച്ചവർ തന്നെ നീക്കം ചെയ്യണമെന്നും നിർദേശമുണ്ട്.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 560 രൂപ കൂടി, ഒരുലക്ഷത്തി 5,280 രൂപയായി. ഗ്രാമിന് 13,160 രൂപയാണ് ഇന്നത്തെ വില.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: ഫർദിസ് എവി, സയ്യിദ് അലി ശിഹാബ്,*
*DEO: സി കെ സുബോധ്*